# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(ബി പി)1933/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 28/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2) അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), എറണാകുളം
3) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-ഇ.കെ.എം(ബി പി)1933/2022 തീയ്യതി: 28/12/2022

## എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 25-10-2022 | 29-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-10-2022 | 29-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പോളി.ടി.ഒ (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ),
ശ്രീ.സന്തോഷ്കുമാർ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി.വൃന്ദ സി എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഹരീഷ്.പി.ആർ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അൻവർ അലി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയ സുരേന്ദ്രൻ | സെക്രട്ടറി | 01-04-2021 | 07-05-2021 |
| ശ്രീമതി.സതി.കെ.വി | സെക്രട്ടറി | 08-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഫാൻസി പരമേശ്വരൻ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സിന്ധു.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സുജിത്ത്.പി.രാഘവൻ | ക്ഷീരവികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.അനിത.എൻ.ഷേണായി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെങ്ങോല | 01-04-2021 | 31-03-2022 |
| ഡോ.മോഹനചന്ദ്രൻ.എ.പി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈമാബീവി.പി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സുജ ജേക്കബ് | ശിശു വികസന പദ്ധതി ഓഫീസർ, വാഴക്കുളം | 01-04-2021 | 31-03-2022 |
| ശ്രീമതി.ജയന്തി | ശിശു വികസന പദ്ധതി ഓഫീസർ, വാഴക്കുളം(അഡീഷണൽ) ആലുവ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈനി.സി.വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ഫിറോസ് മോൻ.എ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 06-02-2022 |
| ശ്രീമതി.സിസ്സി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 07-02-2022 | 31-03-2022 |
| ശ്രീ.നിലോഫർ | അസിസ്റ്റന്റ് എഞ്ചിനീയർ(അഡീഷണൽ ചാർജ്) | 31-03-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാ**ർ**ഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം ( റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതിക**ൾ** | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുക**ൾ** നടത്തിയതിന്റെ വിവരം | 1-10 |
| 11 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - തുക കൈമാറിയെങ്കിലും കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല. | 1-11 |
| 12 | സെക്രട്ടറി നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതികളിലെ അപാകതകൾ | 1-12 |
| 13 | മെഡിക്ക**ൽ** ഓഫീസ**ർ**, സി.എച്ച്.സി വെങ്ങോല നി**ർ**വ്വഹണം നടത്തിയ പ്രോജക്ടുക**ൾ** - മരുന്നുക**ൾ** ലഭ്യമായില്ല -2,37,461 രൂപ തടസ്സം | 1-13 |
| 14 | മെഡിക്ക**ൽ** ഓഫീസ**ർ**, സി.എച്ച്.സി മലയിടംതുരുത്ത് നി**ർ**വ്വഹണം നടത്തിയ പ്രോജക്ട്- മരുന്നുക**ൾ** ലഭ്യമായിട്ടില്ല - 5,85,805/- രൂപ തടസ്സപ്പെടുത്തുന്നു | 1-14 |
| 15 | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) നടപ്പിലാക്കിയ തരിശ് കൃഷി വികസനം പദ്ധതി- അപാകതകൾ | 1-15 |
| 16 | എസ്.സി വിദ്യാ**ർ**ത്ഥിക**ൾ**ക്ക് പഠനമുറി - അപാകതക**ൾ** | 1-16 |
| 17 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിക**ൾ**ക്ക് സ്കോളര്‍ഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-17 |
| 18 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-18 |
| 19 | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) നടപ്പിലാക്കിയ പദ്ധതി -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-19 |
| 20 | കുടിവെള്ള പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കുടിവെള്ളത്തിന്റെ ഉറവിടം വ്യക്തമല്ല. | 1-20 |
| 21 | എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഒഴിവാക്കി പകരം പുതിയ പ്രവൃത്തി ടെന്റർ വിളിക്കാതെ ചെയ്തു | 1-21 |

| | | |
|---|---|---|
| 22 | വാരിക്കാട് എസ് സി കുടിവെള്ള പദ്ധതി പൂർത്തീകരണം -അപാകതകൾ. | 1-22 |
| 23 | വയോജനങ്ങൾക്ക് സ്പെഷ്യലി ഡിസൈൻഡ് കട്ടിൽ വാങ്ങൽ – മാർഗ്ഗരേഖയിൽ നിന്ന് അധികരിച്ച് തുക ചെലവഴിച്ചു | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 ലെ ബജറ്റ് 20.02.2021 തീയതിയിലെ 1(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 267998923 | 266991055 |
| എ എഫ് എസ് പ്രകാരം | 69979278 | 65488627 |

ബജറ്റ് പ്രകാരമുള്ള വരവും-ചെലവും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസമുണ്ട്. ഗ്രാമ പഞ്ചായത്ത് വഴി നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതി പ്രതീക്ഷിത വരവ്-ചെലവ് കൂടി ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനാലാണ് ഇത്തരത്തിൽ ഗണ്യമായ വ്യത്യാസമുണ്ടാകുന്നത്. ഇക്കാര്യം പരിശോധിച്ച് ബജറ്റിലെ വരവ്-ചെലവ് കണക്കുകൾ വസ്തുതാപരമായി കൃത്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-22 | 25-6-2022 |

### 1-3 സാമ്പത്തിക വിശകലനം ( റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,03,15,196 |
| വരവ് | 6,99,79,278 |
| ആകെ | 8,02,94,474 |
| ചെലവ് | 6,54,88,627 |
| നീക്കിയിരിപ്പ് | 1,48,05,847 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| തടസ്സപ്പെടുത്തിയ തുക | 1,30,03,887 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | | 27417000 | 27417000 | 23225943 | | 4191057 |
| വികസനഫണ്ട്-എസ്.സി.പി | | 15744000 | 15744000 | 13169766 | | 2574234 |
| വികസനഫണ്ട്-ടി.എസ്.പി | | 276000 | 276000 | 276000 | | 0 |
| മെയിന്റനൻസ് - നോൺ റോഡ് | | 8434375 | 8434375 | 5148443 | | 3285932 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | | 10110766 | 10110766 | 5102345 | | 5008421 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | | 7870790 | 7870790 | 5630682 | | 2240288 |
| കേന്ദ്രാവിഷ്കൃതം -IAY -General(320100110) | 4324722 | 189731 | 4514453 | 168000 | 4346453 | |
| കേന്ദ്രാവിഷ്കൃതം -IAY -Special Component Plan(320100111) | 2083404 | 123224 | 2206628 | 0 | | 2206628 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃതം -ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ (320100115) | 404936 | 0 | 404936 | 649 | 404287 | |
| കേന്ദ്രാവിഷ്കൃതം -Other Grants (320100299) | 12213 | 78701 | 90914 | 85886 | 5028 | |
| സംസ്ഥാനാവിഷ്കൃതം-സാക്ഷരത (320200309) | 349811 | 9542 | 359353 | 0 | 359353 | |
| Grants, Funds, & Contributions For Specific Purposes-other Financial Institutions (320400199) | 25600 | 0 | 25600 | 0 | 25600 | |
| Other Grants, Funds & Contributions For Specific Purposes Capital (320800199) | 662424 | 1500000 | 2162424 | 1646987 | 515437 | |

കുറിപ്പ്: -

1. താഴെ ചേർത്ത ഫണ്ടുകളുടെ ACR പ്രകാരമുള്ള ചെലവ് റസീപ്റ്റ് & പെയ്മെന്റ് അക്കൌണ്ട് പ്രകാരമുള്ള വരവുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR പ്രകാരമുള്ള ചെലവ് | അക്കൌണ്ട് പ്രകാരമുള്ള വരവ് |
|---|---|---|
| വികസനഫണ്ട്-ജനറൽ | 23225943 | 22743266 |
| വികസനഫണ്ട്-എസ്.സി.പി | 13169766 | 12492012 |
| മെയിന്റനൻസ് - നോൺ റോഡ് | 5148443 | 4549134 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- Tied | 5102345 | 12894403 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-un Tied | 5630682 | 2828481 |

കൃത്യത പരിശോധിച്ച് വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്.

2. B4-ഷെഡ്യൂൾ പ്രകാരം കേന്ദ്രാവിഷ്കൃതം -ടോട്ടൽ സാനിറ്റേഷൻ ക്യാമ്പയിൻ (320100115) ഫണ്ടിൽ 404287/-രൂപയാണ് നീക്കിയിരിപ്പ് എങ്കിലും ഇതേ ഫണ്ടിനായുള്ള ബാങ്ക് അക്കൌണ്ടിൽ 420707/- നീക്കിയിരിപ്പുള്ളതായി കാണുന്നു. കൃത്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 129 | 86813699 | 94 | 51756631 | 90 | 4 | 35 | 69.76 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 175151 | 685421 | 860572 | 833105 | 27467 |

MGNREGS കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ആണ് മുകളിൽ ചേർത്തിട്ടുള്ളത്. മേൽ കണക്കുകൾ വാർഷികധനകാര്യപത്രികയിൽ ചേർക്കപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.10.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധന നടത്തിയ തീയതിയിൽ ക്യാഷ് ബാലൻസ് ഒന്നുമില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം കൈമാറുന്ന പ്രൊജക്ടുകളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിച്ചതായിട്ടുള്ള രേഖകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് യഥാസമയം ലഭ്യമാക്കുന്നില്ല.

ജീവനക്കാരുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പേര് വിവരങ്ങൾ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2002-2003മുതൽ 2020-21 വരെ വർഷങ്ങളിലെ 10 റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണ്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രൊപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചുനൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന കൃത്യമായ ഫയലുകൾ സൂക്ഷിക്കേണ്ടതാണ്.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 06.09.2022 | 2021-22 | ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.05.2022 | 2018-19 മുതൽ 2021-22 വരെ | 21.06.2022 |

## 1-11 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - തുക കൈമാറിയെങ്കിലും കമ്പ്യൂട്ടറുകൾ ലഭിച്ചിട്ടില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം 16/21-22 [അടങ്കൽ - 2,60,000/- മെയിന്റനൻസ് ഫണ്ട് റോഡിതരം, ; ചെലവ്- 250054/- (ബിൽ നം-TRN-211104000000005365 - തീ. 30-6-21, 130038/-; TRN-211104000000014359 -തീ. 7-10-21, 120016/-) ]കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നാല് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 120016/-രൂപ കെൽട്രോണിന് കൈമാറിയിട്ടുള്ളതാണ് എങ്കിലും കമ്പ്യൂട്ടറുകൾ ഇതുവരെ ലഭിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 27-10-22ലെ ഓഡിറ്റ് എൻക്വയറി നം 7 നുള്ള മറുപടിയിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്നതിന് കെൽട്രോണുമായി ബന്ധപ്പെട്ടു പ്രകാരം കമ്പ്യൂട്ടർ നൽകുന്നതാണ് എന്ന് കെൽട്രോൺ അറിയിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. കമ്പ്യൂട്ടറുകൾ ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കുന്നതുവരെ 120016/-രൂപ തടസത്തിൽ വെയ്ക്കുന്നു.

## 1-12 സെക്രട്ടറി നടപ്പിലാക്കിയ ഭവനനിർമ്മാണ പദ്ധതികളിലെ അപാകതകൾ

| പദ്ധതി നം., പേര് | അടങ്കൽ | ചെലവ് | ബിൽ നം |
|---|---|---|---|
| 2/21-22 ലൈഫ് (PMAY)ഭവനനിർമ്മാണം | 5883653/- വികസനഫണ്ട്-ജനറൽ കേന്ദ്ര ഫണ്ട്-840000/- ജില്ലാ പഞ്ചായത്ത് വിഹിതം-686000/- | 560000/-(PMAY) 5827653/-(ലൈഫ്) --------------------- ആകെ- 5883653/- (വികസനഫണ്ട്-ജനറൽ) | ACR Bill No.19/ 15.07.21, 112000/- ACR Bill No.38/ 30.09.21,1300000/- ACR Bill No.116/ 20.012.21,1950000/- ACR Bill No.159/ 02.02.22, 112000/- |

| | | | |
|---|---|---|---|
| | ഗ്രാമ പഞ്ചായത്ത് വിഹിതം- 490000/-<br>.................<br>ആകെ – 8347653/- | | ACR Bill No.227/ 19.03.22 , 112000/-<br>ACR Bill No- 231/ 21.3.22, 300000/-<br>ACR Bill No- 231/ 21. 3.22, 360000/-<br>ACR No.234/ 21.03.22, 112000/-<br>ACR Bill No- 238/ 22.3.22, 320000/-<br>ACR Bill No- 239/ 22.3.22, 300000/-<br>ACR Bill No- 244/ 24.3.22, 286975/-<br>ACR Bill No- 245/ 24.3.22, 300000/-<br>ACR Bill No- 267/ 26.3.22, 106678/-<br>ACR Bill No- 276/ 27.3.22, 100000/-<br>ACR Bill No.305/ 30.03.22, 112000/- |
| 3/21-22 ലൈഫ് (PMAY)ഭവനനിർമ്മാണം | 3148800/- – വികസനഫണ്ട് എസ്.സി.പി.<br>2040000/- – കേന്ദ്രാവിഷ്കൃത ഫണ്ട്<br>1190000/- – ഗ്രാമപഞ്ചായത്ത് വിഹിതം<br>1666000/- – ജില്ലാപഞ്ചായത്ത് വിഹിതം<br>..................<br>ആകെ – 8044800/- | 1120000 (PMAY)<br>1244800(ലൈഫ്)<br>--------------------<br>2364800/- (വികസനഫണ്ട് എസ്.സി.പി) | ACR Bill No.44/ 06.09.21, 564000/-<br>ACR Bill No.117 / 20.12.21, 564000/-<br>ACR Bill No.195/ 03.03.22, 112000/-<br>ACR Bill No.206/ 11.03.22, 224000/-<br>ACR Bill No.228/ 19.03.22, 336000/-<br>ACR Bill No-233/ 21.3.22, 336000/-<br>ACR Bill No.278/ 27.3.22, 112000/-<br>ACR Bill No.237/ 22.03.22,116800/- |
| 4/21-22 ലൈഫ് (PMAY) ഭവനനിർമ്മാണം – വികസനഫണ്ട് ടി.എസ്.പി | 276000/- വികസനഫണ്ട് ടി.എസ്.പി | 276000/-(ലൈഫ്) – വികസനഫണ്ട് ടി.എസ്.പി | ACR Bill No.14/ 17.06.21, 70400/-<br>ACR BIll No.35/ 13.08.21,113600/-<br>ACR Bill No- 315/ 31.3.22, 92000/- |

1.മേൽ പദ്ധതികൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പി എം എ വൈ ഭവന നിർമ്മാണ പദ്ധതിയും പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം കൈമാറുന്നതിനും പ്രത്യേകം പദ്ധതി നടപ്പിലാക്കുന്നതിനു പകരം രണ്ടു ചെലവുകളും ഒരു പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. സുലേഖയിൽ ഇത്തരത്തിൽ സംയുക്തമായി പദ്ധതി നിർമ്മിക്കാൻ സാധ്യമായതുകൊണ്ടും പി എം എ വൈ പദ്ധതിയ്ക്ക് ആവശ്യമായ തുകയുടെ ബാക്കി ലൈഫ് ഭവന നിർമ്മാണ പദ്ധതിയ്ക്ക് കൈമാറുന്നതിനുമാണ് സംയുക്തമായി പദ്ധതി നടപ്പിലാക്കിയത് എന്ന മറുപടി തൃപ്തികരമല്ല. ഇത്തരം വ്യത്യസ്ത സ്വഭാവമുള്ള പദ്ധതികൾ വെവ്വേറെ പദ്ധതികളായി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. പി എം എ വൈ ഭവന നിർമ്മാണ പദ്ധതിയുടെ അടങ്കൽ പ്രകാരം കേന്ദ്ര ഫണ്ട്, ഗ്രാമ പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നീ ഫണ്ടുകളും ഉൾപെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് എങ്കിലും ഈ ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. തൻവർഷം ഈ ഫണ്ടുകളിൽ നിന്ന് ചെലവായ തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പട്ടികജാതി | ന്യൂനപക്ഷം | പൊതുവിഭാഗം | ആകെ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കേന്ദ്ര ഫണ്ട് | 528000 | 72000 | 240000 | 840000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | - | - | 98000 | 98000 |

ഈ ഫണ്ടുകളിൽ നിന്നുള്ള ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപെടുത്തേണ്ടതും ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

3. മേൽ പദ്ധതികൾ പ്രകാരം ലൈഫ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി വിവിധ പഞ്ചായത്തുകൾക്ക് കൈമാറിയ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. മേൽ പദ്ധതികളിലൂടെ ലൈഫ് ഭവന നിർമ്മാണ പദ്ധതിക്കായി വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ 7348453/-രൂപയുടെ(5827653+1244800+276000) വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 7348453/-രൂപ തടസ്സപ്പെടുത്തുന്നു.

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 28-10-22ലെ ഓഡിറ്റ് എൻക്വയറി നം 9 നുള്ള മറുപടി പരിശോധിച്ചശേഷമുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-13 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെങ്ങോല നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - മരുന്നുകൾ ലഭ്യമായില്ല -2,37,461 രൂപ തടസ്സം

1]

| | |
|---|---|
| പ്രോജക്ട് നമ്പർ / പ്രോജക്ടിന്റെ പേര് | 6/22 /കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് മരുന്നുവാങ്ങൽ-വെങ്ങോല |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് |
| അടങ്കൽ / ചെലവ് | 4,75,000 രൂപ |
| ട്രഷറി ബിൽ നമ്പർ / തിയതി | CB No.21/2021-22 / 19.01.2022 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, വെങ്ങോല |

മേൽ പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി 4,75,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 4,47,539/- രൂപയുടെ മരുന്നുകൾ മാത്രമാണ് സി.എച്ച്.സി. യിൽ ലഭ്യമായിട്ടുള്ളതായി കാണുന്നത്.

| ഇൻവോയ്സ് നം / തിയതി | തുക |
|---|---|
| 12222/02.02.2022 | 99017 |
| 13895/25.02.2022 | 12969 |
| 2237/16.05.2022 | 185820 |
| 2233/16.05.2022 | 36077 |
| 10224/03.09.2022 | 113656 |
| ആകെ | 447539 |

ബാക്കി 27,461/- രൂപയുടെ മരുന്നുകൾ സി.എച്ച്.സി. യിൽ ലഭ്യമാകാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

II]

| | |
|---|---|
| പ്രോജക്ട് നമ്പർ/ പ്രോജക്ടിന്റെ പേര് | 158/22 /സെക്കണ്ടറി പാലിയേറ്റീവ് സി.എച്ച്.സി, വെങ്ങോല അധിക ധനസഹായം |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |
| അടങ്കൽ / ചെലവ് | 2,11,500 രൂപ,<br>2,10,000 രൂപ |

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് പ്രഫോർമ ഇൻവോയ്സ് നം.PRF6502/04.03.2022 പ്രകാരം 2,10,000/- രൂപ മരുന്ന് ലഭ്യമാക്കുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ ടി മരുന്നുകൾ ലഭ്യമായിട്ടില്ല. ഇതോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 2/26.10.2022 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരുന്നുകൾ ലഭ്യമാകുന്നതു വരെ ചെലവ് തുക 2,10,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് വിവരം

ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-14 മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മലയിടംതുരുത്ത് നിർവ്വഹണം നടത്തിയ പ്രോജക്ട്- മരുന്നുകൾ ലഭ്യമായിട്ടില്ല - 5,85,805/- രൂപ തടസ്സപ്പെടുത്തുന്നു

1)

| | |
|---|---|
| പ്രോജക്ട് നമ്പർ / പ്രോജക്ടിന്റെ പേര് | 56/22 – മലയിടംതുരുത്ത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് മരുന്നുവാങ്ങൽ |
| ഫണ്ടിനം | സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് |
| അടങ്കൽ,<br>ചെലവ് | 4,75,000/- രൂപ,<br>4,74,999/- രൂപ |
| ബിൽ റെഫറൻസ് നമ്പർ / തിയതി - തുക | 1) 21110463017100168425/09.07.2021 - 83178/- രൂപ<br>2) 21110463017100621124/15.11.2021 - 198483/- രൂപ<br>3) 21110463017100963361/17.01.2022 - 193338/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് |

മേൽ പ്രോജക്ട് പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് മരുന്നുകൾ ലഭ്യമാക്കുന്നതിനായി 474999/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ താഴെപ്പറയും ഇൻവോയ്സുകൾ പ്രകാരം ആകെ 193338/- രൂപയുടെ മരുന്നുകൾ മാത്രമാണ് സി.എച്ച്.സി യിൽ ലഭ്യമായിട്ടുള്ളതായി കാണുന്നുള്ളൂ.

| ഇൻവോയ്സ് നം / തിയതി | തുക |
|---|---|
| 14295/03.03.2022 | 43974 |
| 14297/03.03.2022 | 17611 |
| 44/02.04.2022 | 88484 |
| 2154/16.05.2022 | 43269 |
| ആകെ | 193338 |

ബാക്കി 281661/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(3/26.10.2022) ന് മറുപടി ലഭിച്ചിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ / പ്രോജക്ടിന്റെ പേര് | 53/22-സെക്കണ്ടറി പാലിയേറ്റീവ്,സി.എച്ച്.സി, മലയിടംതുരുത്ത് |
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ |
| അടങ്കൽ ,<br>ചെലവ് | 5,00,000/-,<br>5,00,000/- |
| ബിൽ റെഫറൻസ് നമ്പർ / തിയതി - തുക | 1) 21110463017100770117/10.12.2021 - 123254/- രൂപ<br>2) 21110463017100963358/17.01.2022 - 218675/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് |

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി വ്യത്യസ്ത ബില്ലുകൾ പ്രകാരം ആകെ 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അതിൽ ബിൽ നം.1, 2 എന്നിവ പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് താഴെപ്പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

| ക്രമ നം | പ്രഫോർമ ഇൻവോയ്സ് നം/തിയതി | തുക | വൌച്ചർ നം |
|---|---|---|---|
| 1 | PRF3695/30.11.2021 | 1,04,144 | 19/21-22 |
| 2 | PRF4437/28.12.2021 | 2,00,000 | 23/21-22 |

| | | | |
|---|---|---|---|
| | ആകെ | 3,04,144 | |

എന്നാൽ മരുന്നുകൾ സി.എച്ച്.സി. യിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(8/27.10.2022) ക്ക് മറുപടി ലഭിച്ചിട്ടില്ല.ടി തുകക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതു വരെ തുക തടസ്സത്തിൽ വെക്കുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) നടപ്പിലാക്കിയ തരിശ് കൃഷി വികസനം പദ്ധതി- അപാകതകൾ

പ്രോജക്ട് നം 17/2021-22, സുഭിക്ഷ കേരളം തരിശ് കൃഷി വികസനം [(അടങ്കൽ -433730/- വികസന ഫണ്ട്-pv, മറ്റുള്ളവ-433730/ ; ചെലവ്- 433730/-വികസന ഫണ്ട്) TRN-21313/11.1.22, 92890/-; TRN -21797/19.1.21, 13100/; TRN -21798/19.1.21, 327740;]എന്ന പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1.ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് തലത്തിൽ ഗ്രാമസഭയോ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയോ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചതായി കാണുന്നില്ല. സബ്സിഡി അനുവദിച്ച ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കിഴക്കമ്പലം, ചൂർണ്ണിക്കര എന്നീ രണ്ടു പഞ്ചായത്തിലെ ഗുണഭോക്താക്കൾക്കുമാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടപ്പാക്കിയ പദ്ധതികളിൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള എല്ലാ പഞ്ചായത്തുകളിലേയും ഗുണഭോക്താക്കൾക്കും ഗുണകരമാംവിധം നടപ്പിലാക്കുന്നതിന് ശ്രദ്ധിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 27-10-22ലെ ഓഡിറ്റ് എൻക്വയറി നം 6-ന് മറുപടി നൽകിയില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-16 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിന്റെ ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 10/21-22 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി |
| ആകെ അടങ്കൽ | 36,00,000/- (എസ്.സി.പി) |
| ചെലവ് തുക | 28,50,000/- (എസ്.സി.പി) |
| നിർവ്വഹണോദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |

A) മേൽ സൂചിപ്പിച്ച പ്രോജക്ടിൽ ആകെ 18 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുവാനായി ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 2 വിദ്യാർത്ഥികൾ അവസാന ഗഡു വാങ്ങിയതായി പ്രോജക്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ടി വിദ്യാർത്ഥികൾ പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയതായുള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | നൽകിയ ആകെ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | ഹരികൃഷ്ണൻ.ടി.വി, തോട്ടുങ്ങൽപറമ്പ്, പുക്കാട്ടുപടി | 1,25,000/- (50,000+75,000) | 119/29.12.2021 |
| 2 | മാളവിക ശിവൻ, ചരിപ്പറമ്പ് വീട്, തായിക്കാട്ടുക്കര | 1,25,000/- (50,000+75,000) | 100/09.12.2021, 209/14.03.2022 |

B) പ്രോജക്ടിൽ നിന്നും മൂന്ന് ഗഡുക്കളായി 2 ലക്ഷം രൂപ ധനസഹായം ലഭിച്ച (50000+ 75000+75000) വിദ്യാർത്ഥിയുടെ പഠനമുറിയുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഫയലിലില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | നൽകിയ ആകെ തുക/ ബിൽ നമ്പർ | അപാകതകൾ |
|---|---|---|---|
| 1 | വിഷ്ണു രവി, തൊങ്ങുങ്ങാപ്പറമ്പ് വീട്, അല്ലപ്ര | 2,00,000/- (50,000+75,000+75,000), 78/08.11.2021, 165/07.02.2022, 252/25.03.2022 | വാല്യേഷൻ സർട്ടിഫിക്കറ്റുകൾ ഫയലിലില്ല. |

പഠനമുറി പൂർത്തിയാക്കാത്ത മുകളിൽ സൂചിപ്പിച്ച 2 വിദ്യാർത്ഥികൾ പഞ്ചായത്തുമായി ചമച്ച കരാർ പ്രകാരം 31.03.2022 തീയതിക്കുള്ളിൽ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെയായും പഠനമുറിയുടെ പണി പൂർത്തികരിച്ചിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 28.10.2022 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഖണ്ഡിക (A) യിൽ പരാമർശിച്ചതും പഠനമുറി പൂർത്തിയാക്കാത്തതുമായ വിദ്യാർത്ഥികളുടെ പഠനമുറിയുടെ നിർമ്മാണം പൂർത്തികരിക്കുന്ന മുറയ്ക്ക് ആയതിന്റെ വാല്യേഷൻ സർട്ടിഫിക്കറ്റ്, നൽകുന്ന തുകകളുടെ രേഖകൾ എന്നിവ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഖണ്ഡിക (B) യിൽ പരാമർശിച്ച വിദ്യാർത്ഥിയുടെ പഠനമുറി വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ 2 ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ / പ്രോജക്ടിന്റെ പേര് | 29/22 /ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് |
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ |
| അടങ്കൽ / ചെലവ് | 20,00,000/-രൂപ |
| ട്രഷറി ബിൽ നമ്പർ / തിയതി / തുക | 1)CB No.2/2021-22 / 21.11.2021 – 3 ലക്ഷം (വാഴക്കുളം ഗ്രാമപഞ്ചായത്ത്)<br>2)CB No.3/2021-22 / 21.11.2021 – 3 ലക്ഷം (കിഴക്കമ്പലം ഗ്രാമപഞ്ചായത്ത്)<br>3)CB No.4/2021-22 / 06.12.2021 – 4 ലക്ഷം (കീഴ്മാട് ഗ്രാമപഞ്ചായത്ത്)<br>4)CB No.5/2021-22 / 21.11.2021- 4 ലക്ഷം (ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്)<br>5)CB No.6/2021-22 / 27.11.2021 – 3 ലക്ഷം (വെങ്ങോല ഗ്രാമപഞ്ചായത്ത്)<br>6)CB No.7/2021-22 / 18.12.2021- 3 ലക്ഷം (എടത്തല ഗ്രാമപഞ്ചായത്ത്) |
| നിർവ്വഹണോദ്യോഗസ്ഥ | സി.ഡി.പി.ഒ., വാഴക്കുളം ബ്ലോക്ക് |

വാഴക്കുളം ബ്ലോക്കിനു കീഴിൽ വരുന്ന വിവിധ പഞ്ചായത്തുകളിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ബ്ലോക്ക് വിഹിതം കൈമാറുന്ന സംയുക്ത പ്രോജക്ട് ആണ് ഇത്. മേൽ പട്ടികയിൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 6 പഞ്ചായത്തുകൾക്കും ബ്ലോക്ക് വിഹിതം കൈമാറിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിൽ നിന്നും തുക ചെലവഴിച്ചതായ സെക്രട്ടറിയുടെ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. വെങ്ങോല, കീഴ്മാട്, ചൂർണ്ണിക്കര. എടത്തല എന്നീ പഞ്ചായത്തുകളിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/26.10.2022 ന് വാഴക്കുളം ബ്ലോക്കിൽ നിന്നും സ്കോളർഷിപ്പ് വിഹിതം നേരിട്ട് പഞ്ചായത്ത് സെക്രട്ടറിമാർക്ക് കൈമാറുന്നില്ല എന്നതിനാൽ പഞ്ചായത്ത് സെക്രട്ടറിമാർ വിനിയോഗ സാക്ഷ്യപത്രം തരാൻ കഴിയുന്നതല്ല എന്നറിയിച്ചിരിക്കുന്നതായും ആയതിനാൽ പഞ്ചായത്തുകളിൽ ടി പ്രോജക്ട് നിർവ്വഹണം നടത്തുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരിൽ നിന്ന് സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ച് ബോധ്യപ്പെടുത്തിക്കൊള്ളാം എന്നാണ് മറുപടി നൽകിയിരിക്കുന്നത്. എന്നാൽ വാഴക്കുളം, കിഴക്കമ്പലം എന്നീ 2 പഞ്ചായത്ത് സെക്രട്ടറിമാർ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന പദ്ധതി ആയതിനാൽ ധനവിനിയോഗ സാക്ഷ്യപത്രം മേൽപ്പറഞ്ഞ 4 പഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത കീഴ്മാട് (4 ലക്ഷം), ചൂർണ്ണിക്കര (4 ലക്ഷം), വെങ്ങോല (3 ലക്ഷം), എടത്തല (3 ലക്ഷം) എന്നീ പഞ്ചായത്തുകളിൽ നിന്നും ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 14 ലക്ഷം തടസ്സത്തിൽ വെക്കുന്നു.

.

1-18 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| പദ്ധതി നം. പേര് | അടങ്കൽ | ചെലവ് | ബിൽ നം | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 14/21-22, സ്റ്റെങ്ത്തനിങ്ങ് ഓഫ് ഏർളി ഇൻവെൻഷൻ സെന്റേർസ് | 50000/- വികസനഫണ്ട്-ജനറൽ | 50,000 | TRN-17664/ 25.911.21, 50000/- | ജില്ലാ പഞ്ചായത്ത്, എറണാകുളം |
| 95/21-22, മുടത്തോട്ട്കുളം നവീകരണം, കിഴക്കമ്പലം | 650000/-വികസനഫണ്ട്-എസ് സി പി | 6,50,000 | BRN-1040529/ 1.2.22, 650000/- | കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് |
| ആകെ തുക | | 7,00,000 | | |

മേൽ ചേർത്ത പദ്ധതികൾക്കായി തുക കൈമാറിയെങ്കിലും പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 28-10-22ലെ ഓഡിറ്റ് എൻക്വയറി നം 9 നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 7,00,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) നടപ്പിലാക്കിയ പദ്ധതി -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്റ്റ് നം 19/21-22, സമഗ്ര നെൽകൃഷി വികസനം [(അടങ്കൽ -1563496/-വികസന ഫണ്ട്-, പഞ്ചായത്ത് വിഹിതം,- 1563496/- ; ചെലവ്- 1563496/-വികസന ഫണ്ട്-ജനറൽ), ACR Bill No-147/19.2.2, 87618/-; 149/21.1.22, 340000/-; 150/22.1.22, 245718/-; 151/22.1.22, 697854/-;167/7.2.22, 94282/-; 171/11.2.22, 20026/-; 224/17.03.22, 77998/-] എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് തുക നൽകിയെങ്കിലും താഴെ ചേർത്ത പഞ്ചായത്തുകൾക്ക് നൽകിയ തുകകൾക്കുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. പഞ്ചായത്തുകൾ നടപ്പിലാക്കുന്ന നെൽകൃഷി വികസനം എന്ന പദ്ധതിയിലൂടെ നെൽകൃഷി ചെയ്യുന്ന ഗുണഭോക്താക്കൾക്ക് ഹെക്ടറിന് 17000/-നിരക്കിൽ സബ്സിഡി നൽകുന്നതിനുള്ള പദ്ധതികളിൽ ബ്ലോക്ക് വിഹിതം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

| ക്രമ നം | സ്ഥാപനം | കൈമാറിയ തുക |
|---|---|---|
| 1 | കിഴക്കമ്പലം ഗ്രാമ പഞ്ചായത്ത് | 775852/- |
| 2 | കീഴ്മാട് ഗ്രാമ പഞ്ചായത്ത് | 340000/- |
| | ആകെ | 1115852/- |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 27-10-22ലെ ഓഡിറ്റ് എൻക്വയറി 6 ന് മറുപടി നൽകിയില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 1115852/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 കുടിവെള്ള പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കുടിവെള്ളത്തിന്റെ ഉറവിടം വ്യക്തമല്ല.

| | |
|---|---|
| പ്രവൃത്തി | പതിയാരത്തു പറമ്പിൽ എസ് സി കുടിവെള്ള പദ്ധതി |
| പ്രൊജക്റ്റ് നം. | 44/22 |
| കരാറുകാരൻ | സുനിൽ കെ എം |
| എഗ്രിമെന്റ് | 17/AE/UBP/21-22 Dtd 18-12-21 |
| എം ബുക്ക് | 421/21-22 |
| എസ്റ്റിമേറ്റ് | 7,50,000/- |
| ആകെ പ്രവൃത്തിമൂല്യം | 4,06,380/- (Bill No. 272/26-3-22) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 100 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിച്ചു കൊടുക്കുന്നതിന് 15,000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർ ടാങ്ക് പണിയുന്നതിനും മോട്ടോർ വാങ്ങി 680 മീറ്റർ നീളത്തിൽ പൈപ്പിടുകയുമാണ് പ്രവൃത്തി.

എസ്റ്റിമേറ്റ് പ്രകാരം

വാട്ടർ ടാങ്ക് പണിയുന്നതിന് - 4,02,024/- രൂപയും

പൈപ്പിടുന്നതിന് (50 Mm Pvc- 680 Meter) 1,79,649/-

മോട്ടോർ വാങ്ങുന്നതിന് 30,000/-

രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ ഈ പ്രവൃത്തിയുടെ എം ബുക്ക് പ്രകാരം വാട്ടർ ടാങ്ക് പണിയുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇതിനായി ബില്ല് പ്രകാരം ഫസ്റ്റ് പാർട്ട് 4,06,380/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്ലംബിംഗ് പ്രവൃത്തികൾ ഒന്നും ചെയ്തിട്ടില്ല. മോട്ടോർ വാങ്ങിയിട്ടില്ല. ഈ പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമല്ല. ഈ സ്ഥലം നേരിൽ കണ്ട് പരിശോധിച്ചതിൽ വാട്ടർ ടാങ്കിന്റെ പണി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. എന്നാൽ പ്ലാസ്റ്ററിംഗ് ചെയ്തിട്ടില്ല. മാത്രമല്ല ഈ ടാങ്കിലേക്കുള്ള വെള്ളത്തിന്റെ ഉറവിടം പോലും വ്യക്തമല്ല. എവിടെയാണ് പൈപ്പ് ഇടേണ്ടത് എന്നോ എവിടെയാണ് മോട്ടോർ വെക്കേണ്ടത് എന്ന് പോലും ഫയലിൽ കൃത്യമായി ചേർത്തിട്ടില്ല. കൂടാതെ ഗുണഭോക്താക്കളുടെ വിവരങ്ങളും ലഭ്യമല്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( Enq. No. 11) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

1-21 എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഒഴിവാക്കി പകരം പുതിയ പ്രവൃത്തി ടെൻഡർ വിളിക്കാതെ ചെയ്തു

| | |
|---|---|
| പ്രവൃത്തി | വെങ്ങോല സാമൂഹികാരോഗ്യ കേന്ദ്രം നവീകരണം |
| പ്രൊജക്റ്റ് നം. | 111/22 |
| കരാറുകാരൻ | കെ എം മജീദ് |
| എഗ്രിമെന്റ് | 32/AE/VBP/20-21 Dtd 24-12-20 |
| എം ബുക്ക് | 723/20-21 |
| എസ്റ്റിമേറ്റ് | 7,00,600/- |
| ആകെ പ്രവൃത്തി | 5,16,307/- (Bill No. 84, 27/11/21 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ഗ്രൗണ്ട് ഫ്ലോറിൽ നിന്ന് ഫസ്റ്റ് ഫ്ലോറിലേക്ക് ഒരു റാമ്പ് നിർമ്മിക്കുകയാണ് പ്രവൃത്തി. ഇതിനായി Earth Work, C.C 1:3:6 For Bed, RCC Column, RCC Beam, Slab For Ramb, Teraacotta Tile, Steel Reinforcement, And Roof For Ramb എന്നിവ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് എസ്റ്റിമേറ്റിലെ പ്രവൃത്തികൾ എല്ലാം ഒഴിവാക്കി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ ഒരു കെട്ടിടത്തിന്റെ രണ്ടാം നിലയുടെ മുകളിൽ റൂഫിംഗ് നടത്തുകയാണ് ചെയ്തത്. എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് നിലവിലെ പ്രവൃത്തി ഒഴിവാക്കാനുള്ള കാരണമോ പുതിയതായി റൂഫിംഗ് ചെയ്യേണ്ടതിന്റെ ആവശ്യകതയോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

എം ബുക്ക് പ്രകാരം ചെയ്ത പ്രവൃത്തി താഴെ കൊടുക്കുന്നു

1. റൂഫിംഗ് ചെയ്തത്

500.065 $M^2$ X 510.05/$m^2$ = 2,55,058/-

2. ട്രസ്സ് വർക്ക് ചെയ്തത്

2574.14 Kg X 80/kg = 2,05,931/-

ഓഡിറ്റ് പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഒഴിവാക്കി പുതിയ പ്രവൃത്തി ചെയ്യാനുള്ള കാരണം വ്യക്തമല്ല.

2. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഒഴിവാക്കിയതിനാൽ ഈ പ്രവൃത്തി കാൻസൽ ചെയ്തതിനു ശേഷം പുതിയതായി ടെൻഡർ വിളിച്ച് ചെയ്യേണ്ടതായിരുന്നു.

3. ഈ സ്ഥലം നേരിൽ കണ്ട് പരിശോധിച്ചതിൽ ഇവിടെ റൂഫിംഗ് ചെയ്യേണ്ട ആവശ്യകത വ്യക്തമായില്ല. അതായത് ഈ കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും റൂഫിംഗ് ചെയ്തിട്ടില്ല. മുഴുവൻ ഭാഗവും റൂഫിംഗ് ചെയ്തിരുന്നുവെങ്കിൽ ഈ കെട്ടിടത്തിന്റെ ഭാവിയിൽ ഉണ്ടാകുന്ന ചോർച്ചയെങ്കിലും ഒഴിവാക്കാമായിരുന്നു. മാത്രമല്ല റൂഫിംഗ് ചെയ്ത ഭാഗത്തേക്ക് ശരിയായ എൻട്രൻസ് പോലും കാണാൻ കഴിഞ്ഞില്ല. നിലവിൽ ഒരു പ്രയോജനവും ഇല്ലാത്ത പ്രവൃത്തി ചെയ്തത് അംഗീകരിക്കുന്നില്ല. ഈ പ്രവൃത്തി പ്രയോജനമാകുന്നതിന് കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും റൂഫിംഗ് ചെയ്യേണ്ടതും കൂടാതെ ശരിയായ എൻട്രൻസും നൽകേണ്ടതാണ്. ഈ സാഹചര്യത്തിൽ തുക തടസ്സപ്പെടുത്തുന്നു.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( Enq. No. 12) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

1-22 വാരിക്കാട് എസ് സി കുടിവെള്ള പദ്ധതി പൂർത്തീകരണം -അപാകതകൾ.

| | |
|---|---|
| പ്രവൃത്തി | വാരിക്കാട് എസ് സി കുടിവെള്ള പദ്ധതി പൂർത്തീകരണം |
| പ്രൊജക്റ്റ് നം | 116/22 |
| കരാറുകാരൻ | എ കെ അബ്ദുൾ സലാം |
| എഗ്രിമെന്റ് | 44/AE/VBP/20-21 Dtd. |
| എം ബുക്ക് | 714/20-21 |
| എസ്റ്റിമേറ്റ് | 5,03,043/- |
| ആകെ പ്രവൃത്തി | 4,34,312/- (Bill No. 23/9/21) |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കുടിവെള്ള പദ്ധതിക്കായി കിണർ, പമ്പ് ഹൗസ്, പൈപ്പ് ഇടുക, ഇലക്ട്രിക് പമ്പ്, ഇലക്ട്രിഫിക്കേഷൻ, ഇലക്ട്രിക് കണക്ഷൻ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ

കിണർ നിർമ്മാണത്തിന് - 1,68,578/-

പമ്പ് ഹൗസ് പണിയുന്നതിന് - 79,576/-

പൈപ്പ് ഇടുന്നതിന് - 1,50,797/-

പമ്പ് + ഇലക്ട്രിഫിക്കേഷൻ - 50,000/-

ഇപ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

എം ബുക്ക് പ്രകാരം കിണർ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

എന്നാൽ പൈപ്പ് ഇട്ടതിന്

50 Mm Pvc Pipe

150 M X 249/m = 37,350/- രൂപയും

20 Mm Pvc Pipe

73.50m X 189.44/m = 13,923/- രൂപയും

വാട്ടർ മീറ്റർ വാങ്ങിയത്

29 Nos X 1548/e = 44,892/- രൂപയും

കൂടാതെ എസ്റ്റിമേറ്റിൽ ഇല്ലാതെ 90 മീറ്റർ നീളത്തിൽ 0.895(average) മീറ്റർ നീളത്തിൽ 15 Cm കനത്തിൽ കോൺക്രീറ്റിംഗ് ചെയതതിന് 80,619/- രൂപയും നൽകിയിട്ടുണ്ട്.

ഇപ്രകാരം സെക്കന്റ് & ഫൈനൽ ബില്ല് പ്രകാരം 4,34,312/- രൂപ ചെലവഴിച്ചിട്ടുണ്ട്.

എസ്റ്റിമേറ്റ് പ്രകാരമുള്ള പമ്പ് ഹൗസ്, ഇലക്ട്രിക് പമ്പ്, ഇലക്ട്രിഫിക്കേഷൻ, ഇലക്ട്രിക് കണക്ഷൻ എന്നീ പ്രവൃത്തികൾ ചെയ്തിട്ടില്ല.

ഈ പ്രവൃത്തി നേരിൽ കണ്ട് പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന പമ്പ് ഹൗസ് നിർമ്മാണം, ഇലക്ട്രിക് പമ്പ്, ഇലക്ട്രിഫിക്കേഷൻ, ഇലക്ട്രിക് കണക്ഷൻ എന്നീ എല്ലാ പ്രവൃത്തികളും മറ്റൊരു പ്രൊജക്റ്റ് വഴി ചെയ്തതായി കണ്ടു. ഏത് പ്രൊജക്റ്റ് പ്രകാരമാണ് ഈ പ്രവൃത്തി ചെയ്തത് എന്ന് വ്യക്തമല്ല.

ഓഡിറ്റ് പരാമർശങ്ങൾ താഴെ കൊടുക്കുന്നു.

1. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന പമ്പ് ഹൗസ് നിർമ്മാണം, ഇലക്ട്രിക് പമ്പ് സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, ഇലക്ട്രിക് കണക്ഷൻ പ്രവൃത്തികൾ എല്ലാം മറ്റൊരു പ്രൊജക്റ്റ് വഴി പൂർത്തിയായതിനു ശേഷം വീണ്ടും ഈ പ്രൊജ്കടിൽ ഉൾപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.

2. എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിരുന്ന പമ്പ് ഹൗസ് നിർമ്മാണം, ഇലക്ട്രിക് പമ്പ് സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ, ഇലക്ട്രിക് കണക്ഷൻ എന്നിവ ഒന്നും ചെയ്യാതെ എം ബുക്കിൽ ചേർത്ത പ്രകാരം പൈപ്പിട്ടതും വാട്ടർ മീറ്റർ വാങ്ങിയതും പരിശോധിക്കേണ്ടതാണ്. പമ്പ് ഹൗസ്, ഇലക്ട്രിക് പമ്പ്, ഇലക്ട്രിഫിക്കേഷൻ, ഇലക്ട്രിക് കണക്ഷൻ എന്നിവ ചെയ്ത മുൻ പ്രവൃത്തിയിൽ ഇവ ഉൾപ്പെട്ടിരുന്നോ എന്നും അന്വേഷിക്കേണ്ടതാണ്.

3. പൈപ്പ് ഇട്ട സ്ഥലമോ ഗുണഭോക്താക്കളുടെ വിശദാംംശങ്ങളോ ഫയലിൽ ലഭ്യമല്ല. വാട്ടർ മീറ്റർ നൽകിയ ഗുണഭോക്താക്കളുടെ വിവരവും ലഭ്യമല്ല.

4. എസ്റ്റിമേറ്റിൽ ഇല്ലാതെ 90 മീറ്റർ നീളത്തിൽ 0.895(average) മീറ്റർ നീളത്തിൽ 15 Cm കനത്തിൽ കോൺക്രീറ്റിംഗ് ചെയതതിന് 80,619/- രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ആവശ്യകതയും ഇത് എവിടെയാണ് ചെയ്തതും എന്നും വ്യക്തമല്ല. ടി പദ്ധതി നിലവിൽ പ്രവർത്തിച്ച് തുടങ്ങിയിട്ടില്ല എന്നും കാണുന്നു.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( Enq. No. 13) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല.

## 1-23 വയോജനങ്ങൾക്ക് സ്പെഷ്യലി ഡിസൈൻഡ് കട്ടിൽ വാങ്ങൽ – മാർഗ്ഗരേഖയിൽ നിന്ന് അധികരിച്ച് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ / പ്രോജക്ടിന്റെ പേര് | 135/22 /വയോജനങ്ങളായ കിടപ്പ് രോഗികൾക്കുള്ള സ്പെഷ്യലി ഡിസൈൻഡ് കട്ടിൽ വാങ്ങൽ |
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ |
| അടങ്കൽ / ചെലവ് | 8,21,107 / 7,79,993 |
| ട്രഷറി ബിൽ നമ്പർ / തിയതി | CB No.9/2021-22 / 26.03.2022` |
| നിർവ്വഹണോദ്യോഗസ്ഥ | സി.ഡി.പി.ഒ. വാഴക്കുളം ബ്ലോക്ക് |

മേൽ ട്രഷറി ബിൽ പ്രകാരം 766773 രൂപ കാഡ്കോ ക്കും ജി.എസ്.ടി-ടി.ഡി.എസ് ഇനത്തിൽ 13220 രൂപ ജി.എസ്.ടി വകുപ്പിനും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

KADCO യിൽ നിന്നുള്ള ബിൽ നമ്പർ KADCO/CRO/21-22/422: 24.03.2022 പ്രകാരം 39 Specially Designed കട്ടിലുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018;14.02.2018) ഖ.7.1.13 പ്രകാരം 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് യൂണിറ്റ് നിരക്ക് പരമാവധി 4,350 രൂപയിൽ അധികരിക്കാതെ താഴെപ്പറയുന്ന സ്പെസിഫിക്കേഷനിലുള്ള കട്ടിലാണ് വാങ്ങി നൽകാവുന്നത്.

8 മി.മീ കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച മരത്തടിയിൽ / സ്റ്റീലിൽ പണിത കട്ടിൽ, നീളം- 1.98 മീ, വീതി-90 സെ.മീ, മുൻകാൽ -60 സെ.മീ, പിൻകാൽ- 50 സെ.മീ.

എന്നാൽ കാഡ്കോയിൽ നിന്നുള്ള ബില്ല് പ്രകാരം Fowlers Cot – Size 198X90X60 Cm With Stainless Steel Side Rails & Wheel One Section For Back & Leg Top Sheet 20 Guage Perforated CR Sheet 25X22 Mm Cross Bar 32X2 Mm Round എന്ന സ്പെസിഫിക്കേഷനിലുള്ള സ്പെഷ്യലി ഡിസൈൻഡ് കട്ടിലാണ് വാങ്ങി നൽകിയിരിക്കുന്നത്. ഒന്നിന്റെ വില 16455 രൂപയാണ്.ജി.എസ്.ടി, ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നിവ ഉൾപ്പെടെ ആകെ ഒരു കട്ടിലിന് 19999.82 രൂപ ചെലവ് വന്നിട്ടുണ്ട്.

വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 19.01.2022 ലെ 6/2 നമ്പർ തീരുമാന പ്രകാരം ടി പദ്ധതിയുമായി ബന്ധപ്പെട്ട് കട്ടിൽ ലഭ്യമാക്കുന്നതിനായി KADCO, ARTCO, KELTRON എന്നീ അംഗീകൃത ഏജൻസികളിൽ നിന്നും ലഭിച്ച സബ്മിഷനുകൾ കമ്മിറ്റി പരിശോധിക്കുകയും സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് KADCO യുടെ ഓർഡർ അംഗീകരിച്ച് തുടർനടപടികൾക്കായി ശിശുവികസന പദ്ധതി ഓഫീസറെ ചുമതലപ്പെടുത്തിയും കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥ ക്ഷണിച്ച ക്വട്ടേഷനിൽ ആവശ്യമായ കട്ടിലിന്റെ എണ്ണമോ സ്പെസിഫിക്കേഷനോ വ്യക്തമാക്കിയിട്ടില്ല. 24.12.2021 ലെ ICDS/VZLM/420/19 നമ്പർ ക്വട്ടേഷൻ പ്രകാരം ഐ.സി.ഡി.എസ്, വാഴക്കുളം 2021-22 സാമ്പത്തികവർഷത്തെ പ്രോജക്ട് ആയ കിടപ്പ് രോഗികൾക്ക് കട്ടിൽ വിതരണം എന്ന പ്രോജക്ടിന്റെ നടത്തിപ്പിനായി കട്ടിലിന്റെ ക്വട്ടേഷൻ അയച്ചുതരണം എന്ന് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രകാരം മേൽ ഏജൻസികൾ ലഭ്യമാക്കിയ ക്വട്ടേഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Agency | Rate Inclusive Of Gst & Transportation Charge |
|---|---|
| KADCO | 21877 |
| KELTRON | 21500 |
| ARTCO | 33028 |

എന്നാൽ പുതുക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കാത്തതിനാൽ മറ്റ് 2 ഏജൻസികളെ ഒഴിവാക്കി KADCO ക്ക് സപ്ലൈ ഓർഡർ നൽകുകയാണുണ്ടായത്.

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കാഡ്കോയിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് പ്രകാരം വാങ്ങിയ കട്ടിലുകൾ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിലെടുത്തതായി കാണിക്കാതെ 39 ഗുണഭോക്താക്കൾക്ക് നേരിട്ട് വിതരണം നടത്തിയതായി മാത്രമാണ് കാണിച്ചിരിക്കുന്നത്. വിതരണം നടത്തിയ തീയതിയും രേഖപ്പെടുത്തിയിട്ടില്ല. ടി കട്ടിലുകൾ ഉപയോഗ ശേഷം അതേ പഞ്ചായത്തിന്റെ പാലിയേറ്റീവ് കെയറിന് തിരികെ നൽകുന്നതാണെന്ന് ഗുണഭോക്താക്കളിൽ നിന്ന് സാധാരണ വെള്ളക്കടലാസിൽ സമ്മതപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചതായും കാണുന്നു. എന്നാൽ ഇത് മോണിറ്റർ ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ സംബന്ധിച്ച വ്യക്തതയില്ല.

സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്ന യൂണിറ്റ് കോസ്റ്റിലും അധികരിച്ച് സ്പെഷ്യലി ഡിസൈൻഡ് കട്ടിലുകൾ വാങ്ങുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി 1/26.10.2022 ന് സി.ഡി.പി.ഓ ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ പ്രകാരം

മെഡിക്കലി സപ്പോർട്ടഡ് കട്ടിലിന് വരുന്ന ചെലവ് കണക്കാക്കിയാണ് പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചതും അംഗീകാരം ലഭിച്ചതും. പദ്ധതിയുമായി ബന്ധപ്പെട്ട് ചില ബുദ്ധിമുട്ടുകൾ നേരിട്ടപ്പോൾ ജില്ലയിൽ നിന്നും അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഫോണിൽ ബന്ധപ്പെടുകയും സമൂഹത്തിലെ അവശരായ വയോജനങ്ങൾക്ക് വളരെ പ്രയോജനപ്പെടും എന്നതിനാൽ ഈ പദ്ധതി നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ടി പദ്ധതി ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കിയത്. ഈ മറുപടി തൃപ്തികരമല്ല. മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതിൽ നിന്നും വളരെ അധികരിച്ച് ചെലവ് നടത്തിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം കട്ടിലുകൾ ടി ഗുണഭോക്താക്കളുടെ ആവശ്യം കഴിയുമ്പോൾ പാലിയേറ്റീവ് കെയറിന് ലഭ്യമാക്കുന്നത് ഉറപ്പു വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്ത് അറിയിക്കുന്നതുവരെ ചെലവ് തുക 779993/- തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2021-22 വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,99,79,278 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,54,88,627 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,30,03,887 |

ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-11 | 1,20,016 | ശ്രീമതി.സതി.കെ.വി, സെക്രട്ടറി |
| 1-12 | 73,48,453 | ശ്രീമതി.സതി.കെ.വി, സെക്രട്ടറി |
| 1-13(I)<br>1-13(II) | 27,461<br>2,10,000 | ഡോ.അനിത.എൻ.ഷേണായി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വെങ്ങോല |
| 1-14 | 5,85,805 | ഡോ.മോഹനചന്ദ്രൻ.എ.പി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മലയിടംതുരുത്ത് |
| 1-16 | 2,00,000 | സിന്ധു.വി, പട്ടിക ജാതി വികസന ഓഫീസർ |
| 1-17 | 14,00,000 | ശ്രീമതി.സുജ ജേക്കബ്, സി.ഡി.പി.ഒ. |
| 1-18 | 7,00,000 | ശ്രീമതി.സതി.കെ.വി., സെക്രട്ടറി |
| 1-19 | 11,15,852 | ശ്രീമതി.ഫാൻസി പരമേശ്വരൻ, അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) |
| 1-21 | 5,16,307 | ശ്രീ. ഫിറോസ് മോൻ എ.എം., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 7,79,993 | ശ്രീമതി സുജ ജേക്കബ്, സി.ഡി.പി.ഒ. |
| ആകെ | 1,30,03,887 | |

ഡി) കേന്ദ്ര- സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ മേൽവിലാസങ്ങൾ

| നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | ഔദ്യോഗിക മേൽ വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സതി.കെ.വി | സെക്രട്ടറി,<br>ബ്ലോക്ക് പഞ്ചായത്ത് | കടലശ്ശേരി വീട്<br>ചെറ്റാരിക്കൽ<br>കൊരട്ടി സൌത്ത്<br>തൃശ്ശൂർ-680308 |
| ഡോ.അനിത.എൻ. ഷേണായി | മെഡിക്കൽ ഓഫീസർ<br>സി.എച്ച്. സി | വില്ല നമ്പർ 5,<br>വാനില ഗ്രോവ്,<br>കോലഞ്ചേരി പി ഒ 682311 |
| ശ്രീമതി.സുജ ജേക്കബ് | സി.ഡി.പി.ഒ.,<br>വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | കുള്ളത്തിപറമ്പിൽ വീട്,<br>മുതലക്കോടം,<br>തൊടുപുഴ പി.ഒ.<br>685585 |
| ഡോ.മോഹനചന്ദ്രൻ.എ.പി | മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി | ദേവദത്തം,<br>പ്രിൻസ് നഗർ, |

| | | |
|---|---|---|
| | | തൃക്കാക്കര പി ഒ<br>682021 |
| സിന്ധു.വി | പട്ടിക ജാതി വികസന ഓഫീസർ | പട്ടത്തിൽ വീട്,<br>കുട്ടൻപേരൂർ.പി.ഒ,<br>മാന്നാർ,<br>ആലപ്പുഴ |
| ശ്രീമതി.ഫാൻസി പരമേശ്വരൻ | അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) | തവയിൽ<br>മൂത്തകുന്നം പി ഒ<br>നോർത്ത് പറവൂർ-683516 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2001-02 | കെ.എസ്.എ.-ഇ.കെ.എം.(ബി.പി)1600/19 തീയതി 05.08.19 |
| 2003-04 | ,, ,, |
| 2009-10 | ,, ,, |
| 2010-11 | ,, ,, |
| 2015-16 | ,, ,, |
| 2016-17 | കെ.എസ്.എ -ഇകെഎം(ബി.പി)26/19,തീയതി 23.03.19 |
| 2017-18 | കെ.എസ്.എ-ഇകെഎം(ബി.പി)281/19,തീയതി 11.07.19 |
| 2018-19 | കെ.എസ്.എ-ഇകെഎം(ബി.പി)197/20, തീയതി 04.11.2020 |
| 2019-20 | കെ.എസ്.എ-ഇകെഎം(ബി.പി)368/22, തീയതി 23.06.2022 |
| 2020-21 | നമ്പർ: കെ.എസ്.എ .ഇ.കെ.എം. (ബിപി)463/22 തീയതി 07.07.2022 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്